جامعة دار الهدى الإسلامية
DARUL HUDA ISLAMIC UNIVERSITY

Ref. R1/OVC/211025

Date: 25-10-2021

# സെനറ്റ് മീറ്റിങ് റിപ്പോർട്ട്

**തിയ്യതി: 14 ഒക്ടോബർ 2021, വ്യാഴം**
**സമയം: രാവിലെ 10.15 മുതൽ ഉച്ചക്ക് 1 മണി വരെ**

ദാറുൽഹുദാ ഇസ്‌ലാമിക സർവകലാശാലയുടെ 2021-22 അധ്യയന വർഷത്തെ ആദ്യ സെനറ്റ് യോഗം 14-10-2021 വ്യാഴാഴ്ച രാവിലെ 10.15 മുതൽ ഉച്ചക്ക് 1.00 മണി വരെ വാഴ്സിറ്റിയിലെ മീറ്റിങ് ഹാളിൽ ചേരുകയുണ്ടായി. 63 അംഗങ്ങളിൽ 33 പേർ പങ്കെടുത്തു

**യോഗത്തിൽ സംബന്ധിച്ചവർ**

1. കെ. ആലിക്കുട്ടി മുസ്‌ലിയാർ
2. ഡോ. ബഹഉദ്ദീൻ മുഹമ്മദ് നദ്‌വി
3. ഉമർ ഫൈസി മുക്കം
4. യു.ശാഫി ഹാജി ചെമ്മാട്
5. സി.എച്ച് ത്വയ്യിബ് ഫൈസി
6. ശാഹുൽ ഹമീദ് മാസ്റ്റർ മേൽമുറി
7. ഡോ. ബശീർ മാസ്റ്റർ പനങ്ങാങ്ങര
8. ഡോ. മുസ്ഥഫ
9. പ്രൊഫ. അബ്ദുൽ അസീസ് കുറ്റിപ്പാല
10. അഡ്വ. കെ.കെ സൈദലവി പാലത്തിങ്ങൽ
11. ഹംസ ഹാജി മൂന്നിയൂർ
12. ടി. അബ്ദുല്ല ഹാജി ഓമച്ചപ്പുഴ
13. എം.പി സിദ്ദീഖ് ഹാജി
14. ഡോ. കെ.ടി ജാബിർ ഹുദവി
15. മൂസ ഹാജി കാടാമ്പുഴ
16. പി.എം ഹംസ ഹാജി
17. കുഞ്ഞിപ്പോക്കർ കുട്ടി കെ.വി.പി
18. മുഹമ്മദ് കുട്ടി എടക്കുളം
19. ഹനീഫ മൂന്നിയൂർ
20. എൻ.കെ ഇബ്രാഹീം ഹാജി തയ്യിലക്കടവ്
21. പി.വി മുഹമ്മദ് മൗലവി മാണൂർ
22. കെ.പി അബൂബക്കർ ഹാജി
23. മീറാൻ ദാരിമി കാവനൂർ
24. അഡ്വ. ത്വയ്യിബ് ഹുദവി
25. ടി. അബൂബക്ര് ഹുദവി
26. ഡോ. ഫൈസൽ ഹുദവി മാരിയാട്
27. ഡോ. പി.കെ.എം ജലീൽ ഹുദവി
28. ശമീർ ഹുദവി മേൽമുറി
29. ഡോ. റഫീഖലി ഹുദവി
30. അബ്ദുശകൂർ ഹുദവി ചെമ്മാട്
31. ഡോ. സുഹൈൽ ഹിദായ ഹുദവി
32. കെ.സി മുഹമ്മദ് ബാഖവി
33. ഇ.കെ സിറാജുദ്ദീൻ ഹുദവി

സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ ജന.സെക്രട്ടറി കൂടിയായ ബഹു. കെ. ആലിക്കുട്ടി മുസ്ലിയാർ പ്രാർത്ഥനയും അനുഗ്രഹഭാഷണവും നടത്തി. രാഷ്ട്ര-സമുദായ പുരോഗതിക്കു പണ്ഡിതരുടെ ഇടപെടലുകൾ നിർണായകമാണെന്നും വിദ്യാഭ്യാസ ജാഗരണ പ്രവർത്തന മേഖലയിലെ ഹുദവി പണ്ഡതരുടെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണെന്നും അദ്ദേഹം പറഞ്ഞു. ശേഷം അധ്യക്ഷൻ ബഹു. വൈസ് ചാൻസലർ ഡോ. ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി അംഗങ്ങളെ അഭിസംബോധനം ചെയ്തു സംസാരിച്ചു. വിദ്യാഭ്യാസ പ്രബോധന രംഗത്തെ ഹുദവി പണ്ഡിതരുടെ സാന്നിധ്യം അദ്ദേഹം വിശദീകരിച്ചു. രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെയും ഏഷ്യ, ആഫ്രിക്ക, അമേരിക്ക, യൂറോപ്പ്, ഓസ്ട്രേലിയ രാഷ്ട്രങ്ങളിലെയും ഹുദവികളുടെ വിദ്യാഭ്യാസ-സാമൂഹിക-സാംസ്കാരിക രംഗത്തെ ഇടപെടലുകളിൽ നമുക്ക് അഭിമാനിക്കാമെന്നും സെനറ്റ് അംഗങ്ങളുടെ കൂടി നിസ്വാർത്ഥ പ്രവർത്തനങ്ങളുടെ ഫലമാണിതെന്നും ബഹു. വൈസ് ചാൻസലർ പറഞ്ഞു.

തുടർന്ന് രജിസ്ടാർ എം.കെ.എം ജാബിറലി ഹുദവി മുൻയോഗറിപ്പോർട്ട് സംഗ്രഹിക്കുകയും അവലോകനം നടത്തുകയും ചെയ്തു.

പിന്നീട് അജണ്ട ഓരോന്നായി ചർച്ചക്കെടുത്തു.

**1. അർധ വാർഷിക അക്കാദമിക റിപ്പോർട്ട്**
നടപ്പു അധ്യയന വർഷത്തെ അർധവാർഷിക അക്കാദമിക് റിപ്പോർട്ട് രജിസ്ട്രാർ അവതരിപ്പിച്ചു. ദാറുൽഹുദാ സംവിധാനത്തിലെ മുഴുവൻ വിദ്യാർത്ഥികളുടെയും കണക്ക്, ശ്രദ്ധേയ സംരംഭങ്ങൾ, നിയമനങ്ങൾ, ഡിഗ്രി അലോട്ട്മെന്റ് എല്ലാം സവിസ്തരം വിശദീകരിച്ചു. ഡിഗ്രി അലോട്ട്മെന്റ് മൂലം സ്ഥാപനം മാറേണ്ടി വന്ന വിദ്യാർത്ഥികളുടെ അനുഭവം, പ്രതികരണം, സ്ഥാപന മാനേജ്മെന്റിന്റെ സമീപനം എന്നിവ സംബന്ധിച്ച് അംഗം മുഹമ്മദ് കുട്ടി എടക്കുളം ചോദിച്ചു. മാനേജ്മെന്റ് യോഗത്തിൽ ഇക്കാര്യം വിശദമായി ചർച്ച ചെയ്തിരുന്നുവെന്നും വിദ്യാർത്ഥികളുടെ താത്പര്യത്തിന് മുൻഗണന നൽകാനാണ് തീരുമാനിച്ചതെന്നും രജിസ്ട്രാർ മറുപടി പറഞ്ഞു.

**2. ഓഫ് കാമ്പസുകൾ- നിർമാണ പ്രവർത്തനങ്ങൾ**
ദാറുൽഹുദാ ഇസ്ലാമിക സർവകലാശാലക്കു കീഴിൽ വെസ്റ്റ് ബംഗാൾ, ആസാം, ആന്ധ്രപ്രദേശ്, കർണാടക എന്നീ സംസ്ഥാനങ്ങളിൽ പ്രവർത്തിച്ചുവരുന്ന ഓഫ് കാമ്പസുകളുടെ സ്ഥിതി വിവരങ്ങൾ, പ്രവർത്തനങ്ങൾ എന്നിവ ബഹു. ജന.സെക്രട്ടറി യു.ശാഫി ഹാജി ചെമ്മാട് വിശദീകരിച്ചു. വെസ്റ്റ് ബംഗാൾ കാമ്പസിൽ പ്രവർത്തിക്കുന്ന ഗേൾസ് സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളും ഗേൾസ് ഹോസ്റ്റൽ നിർമിക്കാനുള്ള പദ്ധതിയും അദ്ദേഹം അംഗങ്ങളെ അറിയിച്ചു. ദാറുൽഹുദായുടെ സ്ത്രീ വിദ്യാഭ്യാസം ബംഗാൾ കാമ്പസ് പരിസരങ്ങളിൽ ചെലുത്തിയ സാംസ്കാരിക സ്വാധീനവും അദ്ദേഹം പരാമർശിച്ചു. ആസാം കാമ്പസിലെ പള്ളി നിർമാണം അവസാനഘട്ടത്തിലാണെന്നും നവംബറിൽ ഉദ്ഘാടനം ചെയ്യാനാകുമെന്നും അദ്ദേഹം വ്യക്തമാക്കി. കർണാടക കാമ്പസ് കെട്ടിടം അവസാന മിനുക്ക് പണിയിലാണെന്നും കാമ്പസിൽ പള്ളി നിർമിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും മുഴുവൻ ചെലവും, കാമ്പസിനു സ്ഥലം വിട്ടുനൽകിയ കരീം ഹാജിയും കുടുംബവും തന്നെയാണ് ഏറ്റെടുത്തിരിക്കുന്നത് എന്നതും അദ്ദേഹം പറഞ്ഞു. മഹാരാഷ്ട്രയിലെ വഡോളിയിൽ നിർമിക്കുന്ന ദാറുൽഹുദായുടെ അഞ്ചാമത് ഓഫ് കാമ്പസിന്റെ നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചുവെന്നും തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് തുടങ്ങുന്ന ദാറുൽഹുദാ സെന്ററിന്റെ നിർമാണ പ്രവർത്തനങ്ങൾ ഏറെക്കുറെ അവസാനിച്ചുവെന്നും അടുത്ത അധ്യയന വർഷം വഡോളിയിലും തിരുവനന്തപുരത്തും ക്ലാസുകൾ ആരംഭിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷയെന്നും ബഹു. ജന.സെക്രട്ടറി അംഗങ്ങളെ അറിയിച്ചു. നിർമാണ പ്രവർത്തന പുരോഗതിയിൽ സെനറ്റ് സംതൃപ്തി രേഖപ്പെടുത്തി.
ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴയിൽ വനിതാ അഫിലേയ്റ്റഡ് സ്ഥാപനം തുടങ്ങുന്നതിനു അപേക്ഷ ലഭിച്ചിട്ടുണ്ടെന്ന് ബഹു.ജന.സെക്രട്ടറി ഉണർത്തി. സെനറ്റ് പ്രതിനിധികളുടെ അന്തിമ ഇൻസ്പെക്ഷൻ നടത്തി യോഗ്യതയുണ്ടെങ്കിൽ അനുമതി നൽകാൻ തീരുമാനിച്ചു

**3. പരീക്ഷാ റിപ്പോർട്ട്**
2020-21 അധ്യയന വർഷത്തെ വാർഷിക പരീക്ഷ, ദാറുൽഹുദാ ഏകീകൃത പ്രവേശന പരീക്ഷ (DAT) എന്നിവയുടെ റിപ്പോർട്ട് കൺട്രോളർ പി.കെ നാസർ ഹുദവി കൈപ്പുറം അവതരിപ്പിച്ചു. പ്രവേശന പരീക്ഷയിൽ പങ്കെടുത്തവരുടെയും വിജയിച്ചവരുടെയും പ്രവേശനം ലഭിച്ചവരുടെയും സ്ഥിതിവിവരങ്ങളും ജില്ല തിരിച്ചുള്ള പരീക്ഷാർത്ഥികളുടെയും വിജയിച്ചവരുടെയും കണക്കുക്കളും പ്രതിപാദിച്ചു. മലപ്പുറം ജില്ലയിൽ നിന്നുള്ള അപേക്ഷകരും വിജയ ശതമാനവും വർധിച്ചതിനാൽ ഇനിയും ജില്ലയിൽ സഹസ്ഥാപനങ്ങൾ തുടങ്ങേണ്ടതുണ്ടെന്ന് അദ്ദേഹം സൂചന നൽകി. മറ്റു ജില്ലകളിലെ സ്ഥാപനങ്ങളിൽ അവിടത്തുകാരേക്കാളും കൂടുതൽ മലപ്പുറത്തുകാർ പ്രവേശനം നേടുന്ന സ്ഥിതിയുണ്ടെന്നും മദ്റസ പഠനവും പരീക്ഷയിൽ അനുബന്ധ ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ മറ്റുജില്ലക്കാർക്ക് സാധിക്കാത്തതുമാണ് ഇതിനൊരു കാരണമെന്നും അദ്ദേഹം വ്യക്തമാക്കി. മദ്റസാ പഠനം മലപ്പുറേതര ജില്ലയിൽ വേണ്ടത്ര സജീവമല്ലെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു. എന്നാൽ കണ്ണൂർ ജില്ലയിൽ മദ്റസാ സംവിധാനവും പഠനവും കാര്യക്ഷമമാണെന്ന് കെ.പി അബൂബക്കർ ഹാജി പറഞ്ഞു. സമസ്തക്കാരായ അധ്യാപകരില്ലാത്തതാകാം ഇതിനുള്ള കാരണമെന്ന് അംഗങ്ങളായ കാടാമ്പുഴ മൂസ ഹാജി, ഹനീഫ മൂന്നിയർ, മുഹമ്മദ് കുട്ടി എടക്കുളം എന്നിവർ അഭിപ്രായപ്പെട്ടു. ഇതര ജില്ലകളിലെ മദ്റസാ പഠനം കാര്യക്ഷമമല്ലെന്ന ഗൗരവ വിഷയം ബഹു. സമസ്ത വിദ്യാഭ്യാസ ബോഡിനെ അറിയിക്കേണ്ടതുണ്ടെന്ന് ചില അംഗങ്ങൾ നിരീക്ഷിച്ചു. പ്രവേശന സമയത്ത് ജില്ലകൾക്ക് പ്രത്യേക ക്വാട്ട നിശ്ചയിക്കണമെന്ന് ഉമർ ഫൈസി മുക്കം അഭിപ്രായപ്പെട്ടു. ക്വാട്ട നിർണിയിക്കുന്നത് ശരിയല്ലെന്നും മികച്ച വിദ്യാർത്ഥികളെ തെരഞ്ഞെടുക്കലാണ് നമ്മുടെ സ്ഥാപിത ലക്ഷ്യമെന്നും പ്രൊഫ. അബ്ദുൽ അസീസ് കുറ്റിപ്പാലയും ഡോ. ഫൈസൽ ഹുദവി മാരിയാടും തിരുത്തി. ദാറുൽഹുദായുടെ സ്ഥാപി

ത കാലം മുതൽ തന്നെ കൊല്ലം, ഇടുക്കി അടക്കമുള്ള ജില്ലക്കാർ സ്ഥാപനത്തിൽ പ്രവേശനം നേടിയിട്ടുണ്ടെന്നും കഴിവും പ്രാപ്തിയും മാത്രം യോഗ്യതാ മാനദണ്ഡമാക്കിലേ ദാറുൽഹുദായുടെ ലക്ഷ്യം സാർത്ഥകമാവൂ എന്നും ബഹു.വൈസ് ചാൻസലർ
വ്യക്തമാക്കി. അല്ലാത്തപക്ഷം വിജകരമായി കോഴ്സ് പൂർത്തിയാക്കാൻ പ്രത്യേക ക്വാട്ട വഴി പ്രവേശനം ലഭിച്ച വർക്ക് സാധിക്കാത്ത അവസ്ഥ വരുമെന്നും അദ്ദേഹം മറുപടി പറഞ്ഞു. ദാറുൽഹുദായുടെ മേൽനോട്ടത്തിൽ വിവിധ ജില്ലകളിൽ പ്രത്യേക ഓറിയന്റേഷൻ ക്ലാസുകൾ ഇതുസംബന്ധമായി നടത്തുന്നത് ഉചിതമായിരിക്കുമെന്ന് മുഹമ്മദ് കുട്ടി എടക്കുളം, പി.വി മുഹമ്മദ് മൗലവി എന്നിവർ അഭിപ്രായപ്പെട്ടു. ഇതു സംബന്ധമായി കർമരേഖ തയ്യാറാക്കി തുടർ പ്രവർത്തനങ്ങൾ ചെയ്യാൻ  പരീക്ഷാ കൺട്രോളറോട് നിർദേശിച്ചു.

**4. ബിരുദദാനം**
ദാറുൽഹുദായുടെ പന്ത്രണ്ട് വർഷത്തെ പഠനവും ശേഷമുള്ള സാമൂഹിക സേവനവും പൂർത്തിയാക്കിയ 24-ാം ബാച്ചിലെ ആറ് ഡിപ്പാർട്ട്മെന്റുകളിൽ നിന്നുള്ള 188 പണ്ഡിതർക്ക് ബിരുദം നൽകാനുണ്ടെന്ന് പരീക്ഷാ കൺട്രോളർ അറിയിച്ചു.
ഡിപ്പാർട്ട്മെന്റ് തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു

| Si. | Name of Departments | Count |
|---|---|---|
| 1 | Dept. of Qur'an & Related Sciences | 41 |
| 2 | Dept. of Hadith and Related Sciences | 32 |
| 3 | Dept. of Fiqh and Usul al-Fiqh | 26 |
| 4 | Dept. of Aqidah and Philosophy | 23 |
| 5 | Dept. of Da'wa and Comparative Religion | 43 |
| 6 | Dept. of Arabic Language and Literature | 23 |
| | **TOTAL** | 188 |

വർഷാവർഷം ബിരുദദാന ചടങ്ങ് സംഘടിപ്പിക്കാമെന്ന് നേരത്തെ തീരുമാനിച്ചതിനാൽ അപേക്ഷകളും തുടർനടപടികളും സ്വീകരിച്ച് യോഗ്യരായവർക്ക് ബിരുദം നൽകാമെന്ന് തീരുമാനമായി.
നിർബന്ധിത സേവന മാനദണ്ഡം കൃത്യമായി പാലിക്കുന്നില്ലെന്ന പരാതി നിലനിൽക്കുന്നുണ്ടെന്നും വ്യാജ സേവന സാക്ഷ്യപത്രം സമർപ്പിക്കുന്നവർക്ക് വരെ ബിരുദം നൽകുന്നുണ്ടെന്നും ചിലർ ആരോപിക്കുന്നതായി ഡോ. പി.കെ.എം ജലീൽ ഹുദവി വ്യക്തമാക്കി. പുതുതായി മുർശിദ് (ഗെയ്ഡ്) സംവിധാനം നിലനിൽക്കുന്നുണ്ടെന്നും പഠനം പൂർത്തിയാക്കി പുറത്തിറങ്ങിയതിനു ശേഷവും കൃത്യമായി അവരുടെ കാര്യങ്ങൾ അന്വേഷിക്കുകയും ജോലി-സേവന സംബന്ധമായ വിഷയങ്ങളിൽ ഇടപെടുന്നുണ്ടെന്നും കെ.സി മുഹമ്മദ് ബാഖവി അംഗങ്ങളെ അറിയിച്ചു. ദാറുൽഹുദാ പഠനത്തിനു ശേഷം ഉന്നതപഠനം തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികളുടെ പഠനകാലയളവ് സേവനപരിധിയിൽ ഉൾപെടുത്തണമെന്നും ഡോ.പി.കെ.എം ജലീൽ നിർദേശിച്ചു. ഉപരിപഠനം മൊത്തതിൽ സേവനമായി പരിഗണിക്കുന്നതിനു പകരം ഏതൊക്കെ തരത്തിലുള്ള പഠനം നമുക്ക് പരിഗണിക്കാനാകും എന്നത് സംബന്ധിച്ച് കൃത്യമായ മാനദണ്ഡം ഉണ്ടാക്കണമെന്ന് ഡോ. ഫൈസൽ ഹുദവി മാരിയാട്, ടി.അബൂബക്ർ ഹുദവി, ഡോ.കെ.ടി ജാബിർ ഹുദവി എന്നിവർ അഭിപ്രായപ്പെട്ടു. ദ്വി വർഷ സേവന കാലാവധിക്കു ശഷം ഉന്നതപഠനം തെരഞ്ഞെടുക്കുന്നവർക്കേ പ്രതിബദ്ധതയും സ്ഥാപന സംവിധാനങ്ങളോട് ആത്മാർത്ഥതയും ഉണ്ടാകൂ എന്ന് ഡോ. എം.എൻ മുസ്ഥഫ പറഞ്ഞു. പഠന കാലയളവിൽ പഠിച്ചതും പരിശീലിച്ചതും ഹൃദിസ്ഥമാക്കുന്നതിനും ജീവിതശൈലിയുടെ ഭാഗമാകുന്നതിനുമാണ് രണ്ട് വർഷത്തെ സേവനം നിർബന്ധമാക്കിയത് എന്നും വ്യാഴവട്ടകാലത്തെ പഠനത്തിനു ശേഷം സേവനമനുഷ്ഠിക്കാതെ നേരിട്ട് ഉന്നതപഠത്തിനു പോകുന്നവർ നമ്മുടെ സംവിധാനത്തിലേക്ക് തിരിച്ചുവരുന്നത് വിരളമാണെന്നും ബഹു.വൈസ് ചാൻസലർ അറിയിച്ചു. ദാറുൽഹുദാക്കും സമുദായത്തിനും ഫലപ്രദവും പ്രയോജനകരവുമായ തരത്തിൽ ഉന്നത ഇസ്‌ലാമിക പാഠശാലയിലേക്ക് അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് പ്രത്യേക യോഗം ചേർന്ന് ഇളവ് നൽകിയിട്ടുണ്ടെന്ന് രജിസ്ട്രാർ അറിയിച്ചു. എന്നാൽ നിശ്ചിത ഉന്നതപഠനങ്ങളെ സേവന പരിധിയിൽ ഉൾപെടുത്തുന്നതിനെ തത്വത്തിൽ അംഗീകരിക്കാമെന്ന് ബഹു.വൈസ് ചാൻസലർ അറിയിച്ചു. ഇതു സംബന്ധമായ കൂടുതൽ പഠനം നടത്തി കൃത്യമായ മാനദണ്ഡം ഉണ്ടാക്കുന്നതിനു ഡോ. കെ.ടി ജാബിർ ഹുദവി കൺവീറായ ആറംഗ സമിതിയെ ചുമതലപ്പെടുത്തി. സി.എച്ച് ത്വയ്യിബ് ഫൈസി പുതുപ്പറമ്പ്, കെ.സി മുഹമ്മദ് ബാഖവി, ഡോ. പി.കെ.എം ജലീൽ ഹുദവി, പ്രൊഫ. അബ്ദുൽഅസീസ് കുറ്റിപ്പാല, ഡോ. റഫീഖലി ഹുദവി എന്നിവരാണ് മറ്റു അംഗങ്ങൾ.

**5. വിവിധ യു.ജി കോളേജുകളിൽ അനുവദിച്ച് ഡിഗ്രി ഡിപ്പാർട്ട്മെന്റുകൾക്ക് അംഗീകാരം നൽകൽ**
കഴിഞ്ഞ സെനറ്റ് യോഗത്തിലെ നിർദേശപ്രകാരം  2021-22 അധ്യയന വർഷം വിവിധ യു.ജി കോളേജുകളിൽ അനുവദിച്ച ഡിഗ്രി ഡിപ്പാർട്ട്മെന്റുകളുടെ പേരു വിവരങ്ങൾ രജിസ്ട്രാർ അവതരിപ്പിച്ചു. പ്രസ്തുത ഡിപ്പാർട്ട്മെന്റുകൾക്ക് യോഗം താത്കാലിക അംഗീകാരം നൽകി.

ഓരോ കോളേജിലും അനുവദിച്ച ഡിപ്പാർട്ട്മെന്റുകളുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു

I. **Department of Quran and Related Sciences- 6 Colleges**

- Darul Huda Campus, Chemmad
- Sabeelul Hidaya Islamic College, Parappur
- Darunnajath Arabic College, Koonanchery
- Darul Hidaya Da'wa College, Manoor
- Darunnajath Islamic Complex, Vallappuzha
- Fathima Zahra Islamic Women's College, Chemmad

II. **Department of Hadith and Related Sciences- 5 Colleges**

- Darul Huda Campus, Chemmad
- Darul Hasanath Islamic College, Kannadipparamba
- Darul Huda Off Campus, Assam
- Nahjurrashad Islamic College, Chamakkala
- Sheikh fareed Auliya Da'wa College, Odamala

III. **Department of Fiqh and Usul al-Fiqh- 10 Colleges**

- Darul Huda Campus, Chemmad
- Islahul Uloom Arabic College, Tanur
- Darul Huda Off Campus, Assam
- Malik Deenar Islamic Academy, Talangara
- Darul Irfan Islamic Academy, Pandikkad
- Darussalam Islamic Academy, Talassery
- Busthanul Uloom Arabic College, Maniyoor
- Darul Huda Off Campus, West Bengal
- Darul Huda Off Campus, Punganur
- Fathima Zahra Islamic Women's College, Chemmad

IV. **Department of Aqeeda and Philosophy- 1 College**

- Darul Huda Campus, Chemmad

V. **Department of Civilizational Studies- 4 Colleges**

- Darul Huda Campus, Chemmad
- Sabeelul Hidaya Islamic College, Parappur
- Darul Hasanath Islamic College, Kannadipparamba
- Islahul Uloom Arabic College, Tanur

VI. **Department of Arabic Language and Literature- 4 Colleges**

- Darul Huda Campus, Chemmad
- Sabeelul Hidaya Islamic College, Parappur
- Darul Hasanath Islamic College, Kannadipparamba
- Islahul Uloom Arabic College, Tanur

നിലവിൽ ഡിപ്പാർട്ട്മെന്റുകൾ അനുവദിച്ച സ്ഥാപനങ്ങളിൽ ആവശ്യമായ സൗകര്യങ്ങളും അധ്യാപകരും ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ എന്ന് ടി.അബൂബക്ര് ഹുദവി ചോദിച്ചു. കുല്ലിയ ഡീനുമാരുടെ നേതൃത്വത്തിൽ മൂന്നംഗ സമിതി ഓരോ സ്ഥാപനത്തിലും നേരിട്ടു ചെന്ന് പരിശോധന നടത്തിയ ശേഷമാണ് മൂന്ന് വർഷത്തേക്ക് താത്കാലിക അനുമതി നൽകിയതെന്ന് രജിസ്ട്രാർ മറുപടി നൽകി. നിലവിൽ ദാറുൽഇർശാദ് ഉദുമ, മൻഹജുർറ

ശാദ് ചേലേമ്പ്ര, മഊനത്തുൽ ഉസ്‌ലാം പൊന്നാനി എന്നീ സ്ഥാപനങ്ങളിൽ ഡിഗ്രി കോഴ്സിനു അനുമതി നൽകിയിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു.

**6. ജേണൽ പ്രസിദ്ധീകരണം**

ദാറുൽഹുദായിൽ നിന്നു പുറത്തിറങ്ങുന്ന നിലവിലെ ജേണൽ-ഇസ്‌ലാമിക് ഇൻസൈറ്റിനെ സംബന്ധിച്ച് ജേണൽ ചുമതല വഹിക്കുന്ന ഡോ. സുഹൈൽ ഹിദായ ഹുദവി വിശദീകരിച്ചു. വർഷത്തിൽ രണ്ട് തവണയായി ഓൺലൈൻ പതിപ്പുകളാണിപ്പോൾ പ്രസിദ്ധീകിക്കാറുള്ളത് എന്നും വിവിധ വിദേശ യൂനിവേഴ്സിറ്റികളിലെ പ്രൊഫസർമാർ വരെ പ്രബന്ധങ്ങൾ അയക്കാറുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഫാക്കൽറ്റി ഓഫ് ഇസ്‌ലാമിക് ആൻഡ് ഹ്യൂമൺ സയൻസസിനു കീഴിലായിരുന്നു പ്രസ്തുത ജേണൽ പ്രസിദ്ധീകരിച്ചിരുന്നതെന്നും ഇപ്പോൾ അഞ്ച് കുല്ലിയ (ഫാക്കൽറ്റി)കൾ നിലവിലുള്ളതിനാൽ ഒരോ കുല്ലിയ്യക്കു കീഴിലും വ്യത്യസ്തമായി പ്രസിദ്ധീകരിക്കുന്നതാണ് ഉചിതമെന്നും ഓൺലൈൻ പതിപ്പുകളായതിനാൽ കൂടുതൽ ചെലവ് വരുന്നില്ലെന്നും വിദ്യാർത്ഥികൾക്കും അധ്യാപകർക്കും എഴുതിതെളിയാൻ ഇത് ഏറെ പ്രയോജനപ്പെടുമെന്നും അദ്ദേഹം വ്യക്തമാക്കി. അറബി, ഇംഗ്ലീഷ് ഭാഷകൾ ഉൾപെടുത്തിയാണ് ജേണലുകൾ പുറത്തിറക്കേണ്ടതെന്നും വിദ്യാർത്ഥികളുടെ പിജി ഗവേഷണ പ്രബന്ധങ്ങളിൽ മികച്ചവ ഇതിൽ പ്രസിദ്ധീകരിക്കാമെന്നും അദ്ദേഹം അറിയിച്ചു. ഡിപ്പാർട്ട്മെന്റ് സംവിധാനം നിലവിൽ വന്ന സ്ഥിതിക്ക് അധ്യാപകരുടെ പ്രമോഷൻ മാനദണ്ഡമായി ജേണൽ പ്രബന്ധങ്ങൾ ഉൾപെടുത്താമെന്നും കൂടുതൽ ജേണലുകൾ പ്രസിദ്ധീകരിക്കന്നതിലൂടെ അവർക്ക് എഴുതാനുള്ള കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നും അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു. ജേണലുകൾ കുറ്റമറ്റ രീതിയിൽ പ്രസദ്ധീകരിക്കുമ്പോഴാണ് സ്വീകാര്യതയുണ്ടാവുക എന്നും അക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ടെന്നും ഡോ.പി.കെ.എം ജലീൽ ഹുദവി അഭിപ്രായപ്പെട്ടു. അഞ്ച് ജേണലുകൾ പുറത്തിറക്കുന്നതിലൂടെ വിവിധ യു.ജി കോളേജുകളിലെ അധ്യാപകർക്കു കൂടുതൽ അവസരം സൃഷ്ടിക്കുമെന്നു ഡോ. മുസ്ഥഫ അഭിപ്രായപ്പെട്ടു. തുടർ കാര്യങ്ങൾ ചെയ്യാൻ കുല്ലിയ ഡീനുമാരോട് ആവശ്യപ്പെട്ടു.

**7. അധ്യാപക തസ്തികകൾ നിർണയിക്കൽ**

ദാറുൽഹുദായുടെ മുഴുവൻ തലങ്ങളിലെയും അധ്യാപകർ നിലവിൽ ലക്ചറർ എന്ന പേരിലാണ് അറിയപ്പെടുന്നത് എന്നും ഡിഗ്രി, പിജി തലങ്ങളിലെ കുല്ലിയ്യകൾ, ഡിപ്പാർട്ടമെന്റുകൾ എന്നിവ വിപുലപ്പെടുത്തിയതിനാലും ഇനിമുതൽ പ്രമോഷൻ മാനദണ്ഡം നിശ്ചയിക്കുന്നതിനാലും അധ്യാപക തസ്തികകൾ പുനർനിർണയിക്കുന്നതിന്റെ ആവശ്യകതയിലേക്കും രജിസ്ട്രാർ വിരൽചൂണ്ടി. ഉദ്ദേശിക്കുന്ന തസ്തികകളുടെ പാനലും അദ്ദേഹം അവതരിപ്പിച്ചു. മറ്റു മാതൃകകൾ പരിശോധിച്ച് ദാറുൽഹുദാക്ക് സ്വന്തമായ ഒരു രൂപം നിർണയിക്കുന്നതാണ് ഉചിതമെന്ന് ഡോ. മുസ്ഥഫ, പ്രൊഫ. അബ്ദുൽ അസീസ് എന്നിവർ അഭിപ്രായപ്പെട്ടു. വിശദമായ പഠനം നടത്തി ഉചിതമായത് കണ്ടെത്താൻ ഡോ. സുഹൈൽ ഹിദായ ഹുദവി കൺവീനറായി പ്രത്യേക സമിതിയെ ചുമതലപ്പെടുത്തി. ഡോ. ഫൈസൽ ഹുദവി മാരിയാട്, ഡോ. മുസ്ഥഫ, പ്രൊഫ. അബ്ദുൽ അസീസ്, ഡോ. ജഅ്ഫർ ഹുദവി പുവ്വത്താണി എന്നിവരാണ് മറ്റു അംഗങ്ങൾ.

**8. ഓൺലൈൻ കോഴ്സുകൾ**

ദാറുൽഹുദായുടെ പൊതുവിദ്യാഭ്യാസ സംരംഭമായ സെന്റർ ഫോർ പബ്ലിക് എജ്യുക്കേഷൻ ആൻഡ് ട്രെയ്നിങ്(സിപെറ്റ്) നു കീഴിൽ നിലവിൽ പ്ലസ് വൺ, പ്ലസ് ടു, ഡിഗ്രി തലങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥിനികൾക്കായി നടത്തിക്കൊണ്ടിരിക്കുന്ന സർട്ടിഫിക്കറ്റ് ഇൻ മോറൽ സ്റ്റഡീസ് (സി.എം.എസ്), മഹദിയ്യ കോഴ്സുകളുടെ ഓൺലൈൻ സംരംഭം തുടങ്ങുന്നതിന്റെ ആവശ്യകത സംബന്ധിച്ചും അതു വഴി സ്ത്രീ വിദ്യാഭ്യാസ രംഗത്തുണ്ടായേക്കാവുന്ന പ്രതിഫലനങ്ങൾ സംബന്ധിച്ചും രജിസ്ട്രാർ വിശദീകരിച്ചു. വിപുലമായ ഓൺലൈൻ കോഴ്സുകൾ സിപെറ്റിനു കീഴിൽ നടത്തേണ്ടതുണ്ടെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു. നിലവിൽ പെൺകുട്ടികൾക്കായി നടത്തുന്ന സി.എം.എസ് കോഴ്സുകൾ ആൺകുട്ടികൾ കൂടി നൽകണമെന്ന് ഡോ.കെ.ടി ജാബിർ ഹുദവി അഭിപ്രായപ്പെട്ടു. ഡിപ്പാർട്ട്മെന്റുകൾക്ക് കീഴിലും വിവിധ കോഴ്സുകൾ ആവിഷ്കരിക്കണമെന്നും ഇന്ത്യയിലെ വിദേശ എംബസികൾ സ്പോൺസർ ചെയ്യുന്ന ലാംഗ്വേജ് കോഴ്സുകൾ സിപെറ്റിനു കീഴിൽ നടത്താമെന്നും വേണ്ട ഫണ്ട് എംബസികൾ തന്നെ വഹിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. വിദേശ ഭാഷകൾ ദാറുൽഹുദാ വിദ്യാർത്ഥികൾക്ക് നൽകേണ്ടതുണ്ടെന്നും അതു വഴി ദഅ്‌വാ പ്രവർത്തനങ്ങൾക്ക് കൂടുതൽ സാധ്യതകൾ തെളിയുമെന്നും ടി.അബൂബക്ർ ഹുദവി അഭിപ്രായപ്പെട്ടു.

പ്രായ ഭേദമന്യെ കൂടുതൽ ഓൺലൈൻ കോഴ്സുകൾ സിപെറ്റിനു കീഴിൽ ആവിഷ്കരിക്കാൻ യോഗം നിർദേശിച്ചു.

**9. സ്കോളർഷിപ്പ്, എഫ്.ഐ.പി പ്രോഗ്രാമുകൾ**

ദാറുൽഹുദാ സംവിധാനത്തിൽ കാലോചിതവും ശ്രദ്ധേയവുമായ മാറ്റങ്ങൾ നടക്കുന്നുണ്ടെങ്കിലും അധ്യാപകർ പ്രവീണരാവുകയോ വിഷയാധിഷ്ഠിതമായി വൈദ്യഗ്ധമുള്ള അധ്യാപകരുടെ നിയമനം നടക്കുകയോ ചെയ്യുന്നില്ലെന്നും അതിവിദൂര ഭാവിയിൽ ഇത് ദാറുൽഹുദാ-യു.ജി സ്ഥാപനങ്ങളുടെ വിദ്യാഭ്യാസ വളർച്ചയിൽ ഏറെ വിഘാതം സൃഷ്ടിക്കുമെന്നും രജിസ്ട്രാർ ആശങ്ക പങ്കുവെച്ചു. മികച്ച അധ്യാപകരെ കണ്ടെത്തുന്നതിനു ഫാക്കൽറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമുകൾ ആവിഷ്കരിക്കുകയോ സ്കളോർഷിപ്പ് നൽകി ഉന്നതപഠത്തിനു ഹുദവികളെ വിവിധ സർവകലാശാലകളിലേക്ക് പറഞ്ഞയക്കുകയോ ചെയ്യണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കൃത്യമായ മാനദണ്ഡങ്ങൾ നിശ്ചയിച്ചു സഹസ്ഥാപനങ്ങൾ അടക്കം അധ്യാപകരെ ഉന്നത പഠനത്തിനു അയക്കുകയാണെങ്കിൽ സ്ഥാപന വളർച്ചയിൽ ഏറെ ഗുണം ചെയ്യുമെന്നും അദ്ദേഹം വ്യക്തമാക്കി.

ഓരോ സ്ഥാപനവും തങ്ങളുടെ വിദേശ മാനേജ്മെന്റ് കമിറ്റി പ്രതിനിധികളെ സമീപിച്ചോ അതല്ലെങ്കിൽ പരിചയ

ത്തിലുള്ള വിദേശ പ്രമുഖരുമായി ബന്ധപ്പെട്ടോ എഫ്.ഐ.പി -സ്കളോർഷിപ്പ് തുക കണ്ടെത്തണമെന്നും ഇ ക്കാര്യം സെനറ്റ് നിർദേശമായി മാനേജ്മെന്റ് പ്രതിനിധികളെ യോഗത്തിൽ ഉണർത്താമെന്നും ബഹു. വൈസ് ചാൻലർ അറിയിച്ചു. ദാറുൽഹുദാ നേരത്തെ തന്നെ ഇവ്വിഷത്തിൽ ശ്രമകരമായ പദ്ധതികൾ ആവിഷ്കരിച്ചു നട പ്പിലാക്കിയിട്ടുണ്ടെന്നും തുടർന്നും അതിനുള്ള ശ്രമങ്ങൾ നടത്തുമെന്നും ബഹു. ജന.സെക്രട്ടറി അറിയിച്ചു.

**10.അക്കാദമിക് കൗസിൽ, സെക്കൻഡറി & സീനിയർ സെക്കൻഡറി എജ്യുക്കേഷൻ ബോർഡ് എന്നിവക്കു അംഗീകാരം നൽകൽ.**

പുനഃസംഘടിപ്പിച്ച അക്കാദമിക് കൗൺസിലിനും പുതുതായി രൂപീകരിച്ച സെക്കൻഡറി ആൻഡ് സീനിയർ സെ ക്കൻഡറി എജ്യുക്കേഷൻ ബോർഡിനും യോഗം അംഗീകാരം നൽകി.

***പുനഃസംഘടിപ്പിച്ച അക്കാദമിക് കൗൺസിൽ അംഗങ്ങൾ.***

| SI | NAME | DESIGNATION |
|---|---|---|
| 1 | Dr. Bahauddeen Muhammad Nadwi | Vice Chancellor |
| 2 | U. Muhammad Shafi Haji | Syndicate Member |
| 3 | Dr. UVK Muhammad | Syndicate Member |
| 4 | Twayyib Faizy | Syndicate Member |
| 5 | Dr. Abdurahaman Areekadan | Syndicate Member |
| 6 | Dr. KT Jabir Hudawi, Parambilpeedika | Syndicate Member |
| 7 | MK Jabir Ali Hudawi, Padinhatumuri | Registrar |
| 8 | PK Abdul Nasir Hudawi, Kaipuram | Exam Controller |
| 9 | Dr. Suhail Hidaya Hudawi | Dean, Kulliyyah of Qur'an & Sunna |
| 10 | Dr. Jafar Hudawi, Kolathoor | Dean, Kulliyyah of Shari'ah |
| 11 | Rasheed Hudawi, Elamkulam | Dean, Kulliyyah of Usul al-Din |
| 12 | Dr. Rafeeqali Hudawi, Puzhakkattiri | Dean, Kulliyyah of Social Sciences |
| 13 | Abdu Shakoor Hudawi, Chemmad | Dean, Kulliyyah of Languages |
| 14 | K.C Muhammed Baqawi, Kizhisseri | HoD, Dept. of Islamic Finance & Economics |
| 15 | A. P Musthafa Hudawi, Aroor | HoD, Dept.of Translation & Comparative literature |
| 16 | E. K Sirajuddeen Hudawi | HoD, Dept. of Aqidah & Philosophy |
| 17 | Dr. Ismail Hudawi, Chemmalassery | Principal, U.G |
| 18 | Noufal Hudawi, Thiruvallur | Principal, U.G |
| 19 | M.P Musthafal Faizy | Subject Expert 01 |
| 20 | Dr. Basheer, Panangangara | Subject Expert 02 |
| 21 | Dr. MN Musthafa | Subject Expert 03 |
| 22 | Dr. Faisal Hudawi, Mariyad | Subject Expert 04 |
| 23 | Dr. Jaleel PKM Hudawi, Vengara | Subject Expert 05 |
| 24 | Dr. KT Abdul Gafoor Hudawi, Ponmala | Subject Expert 06 |
| 25 | Dr. K.T M Haris Hudawi, Kuttippuram | Subject Expert 07 |
| 26 | Dr. Zubair Hudawi, Chekanoor | Subject Expert 08 |
| 27 | Dr. Abdul Jaleel T | Subject Expert 09 |
| 28 | Ali Moulavi, Iringallur | Subject Expert 10 |
| 29 | P.K Shareef Hudawi Chemmad | Hudawi |

***പുതുതായി രൂപീകരിച്ച സെക്കൻഡറി ആൻഡ് സീനിയർ സെക്കൻഡറി എജ്യുക്കേഷൻ ബോർഡ് അംഗങ്ങൾ***

| SN. | Names | Powers |
|---|---|---|
| 1 | Dr. ABDURAHMAN AREEKADAN | Director |
| 2 | ABDUL JALEEL HUDAWI BALAYIL | Member |
| 3 | HARIS HUDAWI MADAPPALLY | Member |
| 4 | SHAHUL HAMEED MELMURI | Member |
| 5 | P.K IBRAHIM KUTTY | Member |
| 6 | ABDURAHEEM CHUZHALI | Member |
| 7 | ABDULLA HUDAWI M | Member |
| 8 | Dr. MOHAMAD SHAREEF HUDAWI VENGAD | Member |
| 9 | Dr. MOHAMMED RAFEEQUE HUDAWI PC | Member |
| 10 | Dr. SAINUL  ABID HUDAWI K.K | Member |

**മറ്റു ചർച്ചകൾ**

1. അക്രഡിറ്റേഷൻ തുടർനടപടികളുടെ ഭാഗമായി വാർഷിക റിപ്പോർട്ട് എല്ലാവർഷവും യു.ജി സ്ഥാപനങ്ങളിൽ നിന്നു വാങ്ങണമെന്നു ഡോ. മുസ്ഥഫ അഭിപ്രായപ്പെട്ടു.
2. ഡിഗ്രി, പിജി തലങ്ങളിലെ വിദ്യാർത്ഥികൾക്ക് ദഅ്വാ രംഗത്ത് നിർബന്ധിത സാമൂഹിക സേവനം നടപ്പിലാക്കുക. സുന്നി മഹല്ല് ഫെഡറേഷന്റെ സഹകരണത്തോടെ മഹല്ല് ശാക്തീകരണം, ഹാദിയയുമായി സഹകരിച്ച് വിവിധ സംസ്ഥാനങ്ങളിൽ ഒന്നോ രണ്ടോ ആഴ്ചകൾ നീളുന്ന ഫീൽഡ് വർക്ക് എന്നിവ ഇതിന്റെ ഭാഗമായി ആവിഷ്കരിക്കുക.
3. അൽബിർറ് അധ്യാപികമാരുടെ യോഗ്യതാ മാനദണ്ഡത്തിൽ വാഴ്സിറ്റിയുടെ സിപെറ്റ് സി.എം.എസ് കോഴ്സ് പൂർത്തിയാക്കിവരെ കൂടി പരിഗണിക്കുന്നതിനു വിദ്യാഭ്യാസ ബോർഡുമായി ചർച്ച നടത്തുക.
4. അൽബിർറ് സ്കൂൾ മൂന്നാം തരം, അഞ്ചാം തരം എന്നിവയെ സമസ്തയുടെ മൂന്ന്, അഞ്ച് ക്ലാസുകളുടേതിന് തതുല്യമാക്കണമെന്നും ദാറുൽഹുദാ സെക്കൻഡറി, ഹിഫ്ള് കോഴ്സിലേക്കുള്ള പ്രവേശന മാനദണ്ഡത്തിൽ അൽബിർറ് മൂന്ന്, അഞ്ച് ക്ലാസ് പാസായവരെ കൂടി പരിഗണിക്കണമെന്നും ഡോ. കെ.ടി ജാബിർ ഹുദവി അഭിപ്രായപ്പെട്ടു.

മേൽസൂചിപ്പിച്ച കാര്യങ്ങളിൽ തുടർനടപടികൾ ത്വരിതപ്പെടുത്താമെന്നു രജിസട്രാർ അറിയിച്ചു. നിർബന്ധിത സാമൂഹിക സേവനം നേരത്തെയുള്ള പദ്ധതിയാണെന്നും കോവിഡ് മൂലം തടസ്സപ്പെടുകായിരുന്നുവെന്നും രജിസ്ട്രാർ പറഞ്ഞു. സുന്നി മഹല്ല് ഫെഡറേഷനു കീഴിൽ മഹല്ല് ശാക്തീകരണത്തിനു ദാറുൽഹുദാ വിദ്യാർത്ഥികളെ ഉൾപെടുത്തി പദ്ധതികൾ ആസൂത്രണം ചെയ്യാമെന്ന് സംസ്ഥാന ജന.സെക്രട്ടറി കൂടിയായ യു.ശാഫി ഹാജി ചെമ്മാട് അറിയിച്ചു. ഇതര സംസ്ഥാനങ്ങളിലെ ദഅ്വീ പ്രവർത്തനങ്ങളുടെ ഭാഗമായി ദാറുൽഹുദാ ഡിഗ്രി, പിജി വിദ്യാർത്ഥികളെ ഉൾപെടുത്തിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാമെന്ന് ഹാദിയ സി.എസ്.ഇ ഡയറക്ടർ കൂടിയായ ടി. അബൂബക്ർ ഹുദവിയും അറിയിച്ചു. ദാറുൽഹുദായുടെ മുഴുവൻ സംരംഭങ്ങൾക്കും സെനറ്റ് അംഗങ്ങളുടെ സമ്പൂർണ പിന്തുണയും പ്രോത്സാഹനവുമുണ്ടായിരിക്കണമെന്ന് ബഹു.വൈസ് ചാൻസലർ അഭ്യർത്ഥിച്ചു.
യോഗം ഉച്ചക്ക് 1.00 മണിക്ക് അവസാനിച്ചു.




**Approved by:**
**Dr. Bahauddeen Muhammad Nadwi**
**Vice Chancellor**